ഓരോ ദിവസവും നിങ്ങൾ കൊയ്യുന്ന വിളവിൻെറ പേരിലല്ല,
വിതയ്ക്കുന്ന വിത്തിൻെറ പേരിലാണ് വിലയിരുത്തേണ്ടത്

♦ ആർ.എൽ. സ്റ്റീവൻസൺ ♦

വേണ്ടത് സാന്ത്വനവും സഹായവും

രാജ്യത്തെയാകെ നടുക്കിയ ദുരന്തമാണ് ഞായറാഴ്ചയുണ്ടായത്. ഭൂചലനവും കടലാക്രമണവുംമൂലം കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഒറീസ്സ, ബംഗാൾ, ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലായി ആയിരക്കണക്കിനാളുകൾ മരിക്കുകയും ഒട്ടേറെപ്പേരെ കാണാതാവുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി നൂറിലേറെ പേർ മരിച്ചതായാണ് കണക്ക്. ചെന്നൈയിൽ മരിച്ചവരിലും ചില മലയാളികൾ ഉൾപ്പെടുന്നു. മലബാർ മേഖലയിലും ശക്തമായ കടലാക്രമണമുണ്ടായി. രാജ്യത്ത് പലേടത്തും തീരപ്രദേശത്തേക്ക് കടൽ ഇരച്ചുകയറുകയായിരുന്നു. തീരദേശവാസികളും വിനോദസഞ്ചാരികളും മറ്റും ഭൂചലനത്തെത്തുടർന്നുണ്ടായ കടലാക്രമണത്തിൽപ്പെട്ടു. അവരിൽ ഒട്ടേറെ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്നു. ഇവയെല്ലാം ഈ ദുരന്തത്തെ ഹൃദയഭേദകമാക്കുന്നു. ഭൂചലനവും കടലാക്രമണവും ആവർത്തിക്കുമോ എന്ന ഭീതിയിലാണ് കേരളീയരടക്കമുള്ള ജനങ്ങൾ. മരിച്ചവരുടെ ബന്ധുക്കൾക്കുണ്ടായ നഷ്ടം നികത്താനാവാത്തതാണ്. രാജ്യം മുഴുവൻ ആ ദുഃഖം പങ്കിടുന്നുവെന്ന അറിവ് അവർക്ക് ആശ്വാസമേകട്ടെ.

മരിച്ചവരുടെ ബന്ധുക്കൾക്ക് സഹായവും സാന്ത്വനവും നൽകാനും ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്താനും സർക്കാറും സമൂഹവും കൂട്ടായി പ്രവർത്തിക്കണം. ഗുജറാത്തിൽ ഭൂകമ്പമുണ്ടായപ്പോൾ ഇന്ത്യൻസമൂഹം, മറ്റെല്ലാ ഭിന്നതകളും മറന്ന്, ഒരൊറ്റ മനസ്സോടെ ആ സംസ്ഥാനത്തിൻെറ രക്ഷയ്ക്കെത്തി. അത്തരം ഐക്യം കൊണ്ടേ ദുരന്തമേല്പിക്കുന്ന മുറിപ്പാടുകൾ നമുക്ക് ഉണക്കാനാകൂ. ദുരന്തങ്ങൾ ഇന്ത്യൻ അധികൃതർക്കു പാഠമാകുന്നില്ലെന്നത് അങ്ങേയറ്റം അപലപനീയമാണ്. അടിയന്തരസാഹചര്യം നേരിടാൻ മതിയായ സംവിധാനങ്ങൾ രാജ്യത്തില്ല. ഗുജറാത്തിൽ ദുരന്തമുണ്ടായപ്പോൾ ആ പരിമിതി എല്ലാവർക്കും ബോധ്യമായതാണ്. സേവനസംഘടനകളും മാധ്യമങ്ങളും അത് പലതവണ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. എന്നിട്ടും ഫലമുണ്ടായില്ല. ഇക്കുറിയും കേരളത്തിലടക്കം പലേടത്തും ജനങ്ങൾക്കൊപ്പം അധികൃതരും നിസ്സഹായരായി. പോലീസിനോ മറ്റു സേനാവിഭാഗങ്ങൾക്കോ ഇത്തരം കാര്യങ്ങളിൽ വേണ്ടത്ര പരിശീലനം ലഭിച്ചിട്ടില്ലെന്ന് ഈ ദുരന്തവും തെളിയിക്കുന്നു. കന്യാകുമാരിയിലെ വിവേകനാന്ദപ്പാറയിലും തീരദേശത്തെ കെട്ടിടങ്ങളിലും മറ്റും കുടുങ്ങിപ്പോയവരെ മണിക്കൂറുകൾ കഴിഞ്ഞിട്ടും സുരക്ഷിതസ്ഥാനത്തേക്ക് മാറ്റാൻ അധികൃതർക്കായില്ല. വൻ വാഹനദുരന്തങ്ങളോ, വാതകച്ചോർച്ചയോ വെള്ളപ്പൊക്കമോ തീപ്പിടിത്തമോ ഉണ്ടായാലും ഇതാണു സ്ഥിതി.

ദുരന്തമുണ്ടായിക്കഴിയുമ്പോൾ രൂപവത്കൃതമാകുന്ന 'പ്രതിസന്ധി കൈകാര്യംചെയ്യാനുള്ള സമിതി'യുടെ പ്രവർത്തനംപോലും പലപ്പോഴും കാര്യക്ഷമമാകാറില്ല. അടിയന്തരസാഹചര്യം നേരിടാൻ ആധുനികസംവിധാനങ്ങൾ ഏർപ്പെടുത്തുകയും വിശേഷ പരിശീലനം നേടിയ ഒരു വിഭാഗം രൂപവത്കരിക്കുകയും ചെയ്യണം. പണമോ നടപടിക്രമങ്ങളോ അതിനു തടസ്സമായിക്കൂടാ. ഗുജറാത്തിലുണ്ടായ ഭൂചലനത്തിൽ പതിനായിരക്കണക്കിനാളുകൾ മരിക്കുകയും അനേകം നഗരങ്ങൾ നശിക്കുകയുംചെയ്തു. മറ്റു രാജ്യങ്ങളുടെ സഹായത്തോടെ ഒരുവർഷത്തിലേറെ കിണഞ്ഞുപരിശ്രമിച്ചതുകൊണ്ടാണ് അവിടത്തെ ജനങ്ങൾക്ക് അല്പമെങ്കിലും ആശ്വാസമേകാൻ നമുക്കായത്. ഭൂകമ്പങ്ങൾ തടയാനോ എപ്പോഴുണ്ടാകുമെന്നു കൃത്യമായി പറയാനോ മനുഷ്യനാവില്ല. പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തുന്ന പലതരത്തിലുള്ള കയ്യേറ്റങ്ങളും ഇത്തരം വിപത്തുകൾക്കു കാരണമാണെന്നു പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതികോപംകൊണ്ടുണ്ടാകുന്നകെടുതികൾ, മുൻകരുതലുകളെടുത്താൽ വലിയൊരു പരിധിവരെയെങ്കിലും കുറയ്ക്കാൻ കഴിയും. ഭൂചലനഭീഷണിയില്ലാത്ത സുരക്ഷിതമേഖലയാണ് ദക്ഷിണേന്ത്യ എന്ന് ഭൂഗർഭശാസ്ത്രജ്ഞർ കരുതിയിരുന്നു. കാലംചെല്ലുന്തോറും 'സുരക്ഷിതമേഖല' ചുരുങ്ങിവരുകയാണ്.

കേരളത്തിലെ നഗരങ്ങളും മലമ്പ്രദേശങ്ങളും താഴ്വരകളും മറ്റും ഭൂകമ്പമുണ്ടാകാവുന്ന മേഖലകളാണ്. ഇവിടെയും പലതവണ ഭൂകമ്പം ഉണ്ടായ സ്ഥിതിക്ക്, മുൻകരുതലുകളെടുക്കുന്ന കാര്യത്തിൽ സംസ്ഥാനഭരണാധികാരികളും ജനങ്ങളും അങ്ങേയറ്റം ശ്രദ്ധിക്കണം. വേണ്ടത്ര പഠനംകൂടാതെ നടത്തുന്ന വികസനപ്രവർത്തനങ്ങൾ പരിസ്ഥിതിയെ ബാധിക്കും. വ്യാപകമാകുന്ന അണക്കെട്ടുകളും പുതിയ നിർമാണശൈലിയും മറ്റും കേരളത്തിലെ ഭൂചലനത്തിന് കാരണങ്ങളാകുന്നുവെന്ന് വിദഗ്ധർ ഓർമിപ്പിക്കുന്നു. അണക്കെട്ടുകൾ ഭൂകമ്പത്തിനിടയാക്കുമോ എന്നതിനെക്കുറിച്ചു തർക്കമുണ്ട്. എന്നാൽ, ഭൂകമ്പത്തിൻെറ ആഘാതം താങ്ങാൻ ശക്തിയില്ലാത്ത അണക്കെട്ടുകൾ ഉയർത്തുന്ന ഭീഷണിയെക്കുറിച്ച് ആർക്കും സംശയമില്ല. നാലുവർഷംമുമ്പ് കേരളത്തിൽ ഉണ്ടായ ഭൂകമ്പത്തിൻെറ കേന്ദ്രം മുല്ലപ്പെരിയാർ അണക്കെട്ടിനടുത്താണ്. ആ അണക്കെട്ടു നിർമിച്ചപ്പോഴോ പിന്നീടതു ബലപ്പെടുത്തിയപ്പോഴോ ഭൂചലനപഠനം നടത്തിയിരുന്നില്ല. അതിൻെറ ബലക്ഷയം കേരളീയർക്കെല്ലാം ആശങ്കയുണ്ടാക്കുന്നു. ഗുജറാത്തിലെ ഭൂകമ്പത്തിൽ ആയിരക്കണക്കിനു വൻ കെട്ടിടങ്ങൾ തകരാനിടയായത് അവയുടെ നിർമാണത്തിലെ പാകപ്പിഴകൾ കൊണ്ടാണെന്ന് അധികൃതർ കണ്ടെത്തിയിരുന്നു. അവിടെ കെട്ടിടനിർമാണച്ചട്ടങ്ങൾ കർശനമാക്കുമെന്നും അനധികൃതമായി കെടിടങ്ങൾ നിർമിച്ചവർക്കെതിരെ നടപടി എടുക്കുമെന്നും ഗുജറാത്ത് സർക്കാർ പറഞ്ഞിരുന്നുവെങ്കിലും അതുണ്ടായില്ല.

ഞായറാഴ്ച ഇന്ത്യയ്ക്കുപുറമേ ശ്രീലങ്ക, തായ്ലൻഡ്, മലേഷ്യ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലും ഭൂചലനവും കടലാക്രമണവുമുണ്ടായി. മൊത്തം പതിനായിരത്തോളം പേർ മരിച്ചതായി കരുതപ്പെടുന്നു. ഇന്തോനേഷ്യയിൽ, ഭൂകമ്പസാധ്യത കണക്കിലെടുത്ത് മുൻകരുതലുകൾ സ്വീകരിച്ചിരുന്നതിനാൽ, നാശനഷ്ടങ്ങൾ താരതമ്യേന കുറവാണെന്നാണ് റിപ്പോർട്ട്. ചെറുതും വലുതുമായ നിർമാണപ്രവർത്തനങ്ങളെല്ലാം നമ്മുടെ നാട്ടിലും ഭൂചലനസാധ്യത കണക്കിലെടുത്തേ നടത്താവൂ. ഭൂചലനം സംബന്ധിച്ചുള്ള പഠനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും അനിവാര്യമാണ്. പ്രകൃതികോപങ്ങളുടെ കെടുതികൾ കുറയ്ക്കുന്നതിനാവശ്യമായ വഴികളെല്ലാം സ്വീകരിക്കാൻ ദുരന്തം കേന്ദ്ര, സംസ്ഥാന സർക്കാറുകൾക്കു പ്രേരകമാകട്ടെ.

സുനാമികൾ കടലിലെ കാലൻ

ശശിധരൻ മങ്കത്തിൽ

കടലിലെ കാലനാണ് സുനാമികൾ. കടലിൽ ഭൂകമ്പമുണ്ടായാൽ ഉയർന്നുപൊങ്ങുന്ന ഈ തിരമാലകൾ തീരദേശത്തെ സർവതും തച്ചുടച്ച് കടലിലേക്ക് വാരിക്കൊണ്ടുപോകും.

കടലിൽ വൻ ഭൂകമ്പമുണ്ടായാൽ അടിത്തട്ടിൻെറ ഒരു ഭാഗം ഉയർന്നുപൊങ്ങാം. ഇത്തരത്തിൽ അടിത്തട്ട് ഉയർന്നു പൊങ്ങുമ്പോൾ വെള്ളം ചുറ്റുപാടും തള്ളപ്പെടും. ഇത് വൻ തിരമാലകളായി കരയിലേക്ക് പാഞ്ഞുകയറും. കടലിൽ ക്രമാതീതമായി ജലനിരപ്പ് ഉയരുമ്പോൾ തിരമാലകൾ കുന്നോളം ഉയരത്തിൽ വീശിയടിച്ച് കരയെ ആക്രമിക്കും. തീരദേശത്ത് പാഞ്ഞുകയറുന്ന ശക്തമായ തിരമാലകൾ കെട്ടിടങ്ങളുടെ അടിത്തറ തകർത്ത് നാമാവശേഷമാക്കും. പിന്നീട് കരയിലെ സർവതും തൂത്തുവാരി കടലിലേക്ക് തിരിച്ചുപോകും. സുനാമി (Tsunami) എന്ന ജപ്പാൻ വാക്കിൽ 'സു' എന്നാൽ തുറമുഖമെന്നും 'നാമി' എന്നാൽ നീണ്ട തിരമാല എന്നുമാണ് അർഥം.

ഭൂകമ്പ മേഖലയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ശാന്തസമുദ്രത്തിൽ സുനാമികൾ സാധാരണമാണ്. എന്നാൽ ഇന്ത്യൻ മഹാസമുദ്രത്തിൽ ഇത് കുറവാണ്. ഭൂകമ്പങ്ങളുടെ നാടായ ജപ്പാൻെറ തീരങ്ങളിൽ താമസിക്കുന്നവർക്ക് സുപരിചിതമായ പ്രകൃതിക്ഷോഭമാണ് സുനാമികൾ. ജപ്പാനിലും അമേരിക്കയിലും മറ്റും സുനാമി മുന്നറിയിപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കടലിൽ ഭൂകമ്പമുണ്ടായാൽ കുറെ കഴിഞ്ഞാണ് തിരമാലകൾ കരയിലെത്തുക. ഈ സമയത്ത് രക്ഷാപ്രവർത്തനങ്ങൾ നടത്താം. കടലിലെ ഭൂകമ്പം ഭൂകമ്പമാപിനികൾ രേഖപ്പെടുത്തിയാൽ ഉടൻതന്നെ ഈ കേന്ദ്രങ്ങൾ തീരദേശത്ത് സിഗ്നൽ ലൈറ്റുകൾ പ്രകാശിപ്പിക്കുകയും സൈറണുകൾ മുഴക്കുകയും ചെയ്യും. മാത്രമല്ല, വാഹനങ്ങളിൽ സഞ്ചരിച്ച് മുന്നറിയിപ്പും നല്കും. മുന്നറിയിപ്പ് കിട്ടിയാൽ ഉടൻതന്നെ ജനങ്ങൾ സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറിപ്പോകും.

കരയിൽ സുനാമികളുടെ ആക്രമണം 10 മിനിറ്റ് മുതൽ 40 മിനിറ്റുവരെ നീണ്ടുനില്ക്കും. സുനാമികൾ ഉണ്ടാകുമ്പോൾ സമുദ്രനിരപ്പ് ആദ്യം താഴുകയും പിന്നീട് ഉയരുകയും ചെയ്യുന്ന സാഹചര്യമുണ്ടാകാം. 1755ൽ ലിബ്സണിൽ പോർച്ചുഗീസ് തീരത്തിനടുത്ത് സമുദ്രത്തിലുണ്ടായ ഭൂകമ്പത്തെ തുടർന്ന് ജലനിരപ്പ് താഴ്ന്നുപോവുകയും തീരത്തുനിന്ന് വെള്ളം പിൻവാങ്ങുകയും ചെയ്തു. വെള്ളം പിൻവാങ്ങിയ കരപ്രദേശം കാണാനായി ആളുകൾ തടിച്ചുകൂടി. പെട്ടെന്ന് ഈ സമയം ആഞ്ഞടിച്ച സുനാമികൾ നിരവധി പേരുടെ ജീവനെടുത്തു.

ഇന്തോനേഷ്യയ്ക്കടുത്തുണ്ടായ ഭൂകമ്പത്തിൽ ഉയർന്ന സുനാമികൾ പ്രഭവകേന്ദ്രത്തിൻെറ ആയിരം മൈൽ ചുറ്റളവിൽ സഞ്ചരിച്ച് കരയിൽ ആഞ്ഞടിക്കുകയാണുണ്ടായത്. ഈ സമയം സമുദ്രത്തിൽ കപ്പലുകളും ബോട്ടുകളും മറ്റും അപകടത്തിൽപ്പെടാം. ഭൂകമ്പത്തിൻെറ കൃത്യസമയം പ്രവചിക്കാൻ കഴിയില്ലെങ്കിലും സുനാമികളുടെ ഉത്ഭവവും വരവും ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും. സുനാമികളുടെ തരംഗങ്ങൾക്ക് ഭൂകമ്പതരംഗങ്ങളെക്കാൾ വേഗം കുറവാണ്. ഒരു വൻ ഭൂകമ്പത്തിൻെറ തരംഗങ്ങൾ മണിക്കൂറിൽ 30,000 കിലോമീറ്റർ വേഗത്തിലാണ് സഞ്ചരിക്കുന്നതെങ്കിൽ ഇതിൻെറ സുനാമികൾക്ക് ചിലപ്പോൾ 1000 കിലോമീറ്റർ വേഗം മാത്രമേ കാണൂ. അതിനാൽ ഭൂകമ്പമുണ്ടായി ചിലപ്പോൾ മണിക്കൂറുകൾ കഴിഞ്ഞായിരിക്കും സുനാമികൾ കരയെ ആക്രമിക്കുക. ഈ സമയത്ത് മുന്നറിയിപ്പ് നൽകി രക്ഷാപ്രവർത്തനങ്ങൾ നടത്താൻ കഴിയും.

ലോകത്തെ ഭൂകമ്പ മേഖലകൾ വേർതിരിച്ചിട്ടുണ്ട്. ശാന്തസമുദ്രത്തിൻെറ ചുറ്റുമുള്ള മേഖലയിലാണ് വൻ ഭൂകമ്പങ്ങൾ ഉണ്ടാകുന്നത്. 'സർക്കം പസഫിക് ബെൽട്ട്' എന്ന പേരിലാണ് ഈ മേഖല അറിയപ്പെടുന്നത്. ഇന്തോനേഷ്യ ഈ മേഖലയിലാണ്. ചിലിയിൽനിന്ന് തുടങ്ങി ന്യൂസീലൻഡ് വരെ നീളുന്നതാണ് മേഖല. ന്യൂഗിനിയ, ജപ്പാൻ, അലാസ്ക, വടക്കേ അമേരിക്കകളുടെയും തെക്കേ അമേരിക്കകളുടെയും പടിഞ്ഞാറൻ പ്രദേശങ്ങൾ, ഫിലിപ്പൈൻസ് എന്നിവ ഇതിൽപെടും. ലോകത്തിലെ 80 ശതമാനം ഭൂകമ്പങ്ങളും ഇവിടെയാണുണ്ടാകുന്നത്.

രണ്ടാമത്തെ മേഖലയായ ആൽപ്പൈൻ-ഹിമാലയൻ ബെൽട്ട് മധ്യധരണ്യാഴി പ്രദേശത്തുകൂടി കടന്ന് ഏഷ്യയുടെ കിഴക്കുഭാഗത്തേക്ക് പോകുന്നു. ആൽപ്സ് പർവതനിരകൾ, ആഫ്രിക്ക, ഏഷ്യാ മൈനർ, ഇറാൻ, തുർക്കി, പാകിസ്താൻ, ഹിമാലയ പ്രദേശം, തിബത്ത്, ചൈന എന്നിവ ഈ മേഖലയിലാണ്. മൂന്നാമത്തെ മേഖല മിഡ് ഓഷ്യാനിക്ക് റിഡ്ജിലൂടെ കടന്ന് ആഫ്രിക്കൻ താഴ്വരവരെയെത്തുന്നതാണ്.



സുനാമികൾ എങ്ങനെ രൂപപ്പെടുന്നു

1
2
3
സമുദ്രത്തിൽ ഭൂകമ്പം മൂലമുണ്ടായ വിള്ളലിലേക്ക് വെള്ളം കയറി ജലനിരപ്പ് താഴുന്നു
ഭൂകമ്പം മൂലം തിരമാലകൾ രൂപപ്പെടുന്നു
തിരമാലകൾ കരയിലേക്ക് പാഞ്ഞടുക്കുന്നു
10
0
-10
m
സമുദ്രനിരപ്പ്
സമുദ്രനിരപ്പ് താഴ്ന്നത്
സുനാമികൾ രൂപപ്പെടുന്നു
AFP

ധീര തീരുമാനങ്ങൾ

വിശേഷാൽപ്രതി

ഇന്ദ്രൻ

കുഞ്ഞാലിക്കുട്ടി പ്രശ്നത്തിൽ തീരുമാനമെടുക്കാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെയും തെന്നല ബാലകൃഷ്ണ പിള്ളയെയും കെ.പി.സി.സി. നിർവാഹകസമിതി യോഗം ചുമതലപ്പെടുത്തിയത് പിറ്റേദിവസം അന്തരിച്ച മുൻ പ്രധാനമന്ത്രി നരസിംഹ റാവുവിനുള്ള ആദരാഞ്ജലിയായി പലരും കണക്കാക്കുന്നുണ്ട്. എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ, ഒരു പ്രശ്നത്തിലും തീരുമാനമെടുക്കാതിരിക്കുകയെന്നത് നയമായി കൊണ്ടുനടന്നിരുന്ന ഭരണാധികാരിയെന്ന യശസ്സ് നരസിംഹറാവുവിനുണ്ട്. കുഞ്ഞാലിക്കുട്ടി പ്രശ്നം പുനർജനിച്ചിട്ട് 55 ദിവസം പിന്നിട്ടശേഷമാണ് കെ.പി.സി.സി. നിർവാഹക സമിതിയോഗം ചേർന്നത്. എന്തെങ്കിലുമൊരു ഉറച്ച തീരുമാനം സ്വീകരിക്കുന്നത്, അപ്പോഴേക്കും ജീവിതാന്ത്യത്തിലേക്ക് നീങ്ങിക്കഴിഞ്ഞിരുന്ന മുൻ പ്രധാനമന്ത്രിയോട് കാണിക്കുന്ന അനാദരവായി ജനം തെറ്റിദ്ധരിച്ചേനെ. അല്ലാതെ ഉറച്ച തീരുമാനമെടുക്കാൻ കെ.പി.സി.സി. നിർവാഹക സമിതിക്ക് കഴിവില്ലാഞ്ഞിട്ടൊന്നുമല്ല കേട്ടോ.

നരസിംഹ റാവുവിനെക്കുറിച്ച് ഇങ്ങനെയൊരു അബദ്ധ ധാരണ നിലവിലുണ്ടായിരുന്നു. തീരുമാനമെടുക്കാൻ കഴിവില്ലാത്ത നേതാവാണെന്ന തെറ്റിദ്ധാരണ. ഒരു പത്രപ്രവർത്തക റാവുവിനോട് തന്നെ ഇക്കാര്യം തിരക്കുകയുണ്ടായി. കുറച്ചൊന്ന് ആലോചിച്ചാണ് അദ്ദേഹം മറുപടി നൽകിയത്. ''തീരുമാനമെടുക്കാതിരിക്കുകയല്ല ഞാൻ ചെയ്യുന്നത്. തീരുമാനം ഇപ്പോൾ എടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയാണ് ചെയ്യുന്നത്.'' റാവുജിയെ കുറിച്ചുള്ള സകല തെറ്റിദ്ധാരണകളും മാറ്റാൻ ഈ ഒരൊറ്റ നിരീക്ഷണം മതി. കെ.പി.സി.സി.യും തീരുമാനമെടുക്കാൻ കഴിവില്ലാതെ പിരിയുകയല്ല ചെയ്തത്. തീരുമാനമെടുക്കേണ്ടെന്ന് തീരുമാനിക്കുകയാണ് ചെയ്തത്.

ഇതിനു പല വഴികളുണ്ട്. കഴിഞ്ഞ കുറെ ദിവസങ്ങളിലായി ചെയ്തുകൊണ്ടിരുന്നത് ഇതിലൊരു രീതിയാണ്. കേരളത്തെ ഇളക്കി മറിച്ച പ്രശ്നങ്ങളുണ്ടായപ്പോൾ ഇങ്ങനെയൊന്നും കെ.പി.സി.സി.നിർവാഹക സമിതി യോഗം കൂടുകയുണ്ടായില്ല. യോഗം കൂടാൻ ധൈര്യമില്ലാഞ്ഞിട്ടല്ല. യോഗം കൂടേണ്ടെന്ന് ധീരമായി തീരുമാനിക്കുകയായിരുന്നു. യു.ഡി.എഫ്. ഏകോപനസമിതിയുടെ യോഗം അതിധീരമായി വിളിച്ചു ചേർക്കുകയുണ്ടായി. ആ യോഗത്തിൽ കുഞ്ഞാലിക്കുട്ടി പ്രശ്നം ചർച്ചയ്ക്കെടുക്കുകതന്നെ വേണ്ട എന്ന് അതിനേക്കാൾ ധീരമായ തീരുമാനമാണ് ഉണ്ടായത്. യോഗം കൂടാതിരുന്നാലും യോഗം കൂടി പ്രശ്നം ചർച്ച ചെയ്യാതിരുന്നാലും ചർച്ച ചെയ്ത് തീരുമാനമൊന്നുമെടുക്കാതിരുന്നാലുമെല്ലാം ഫലം ഒന്നു തന്നെ. അപ്പോൾ പിന്നെ യോഗം കൂടിയാലെന്ത്? ഇല്ലെങ്കിലെന്ത്?

നിർണായക യോഗങ്ങൾ ചേർന്ന് നിർണായക തീരുമാനമൊന്നുമെടുക്കാതെ പിരിയാൻ, കീഴ്വഴക്കമനുസരിച്ച് മൂന്നു രീതികളാണുള്ളത്. ധീരതയിൽ ഏത് മുന്നിലെന്ന് പറയുക പ്രയാസമാണ്. ഒന്നിനൊന്ന് മികച്ചുനില്ക്കും. സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയാണ് ഒരു രീതി. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്പോലുള്ള ഭിമൻ റിപ്പോർട്ടും ഒപ്പം അതിഭീമൻ നിയമ-ഭരണഘടനാ-സാമുദായിക പ്രശ്നങ്ങളുമുള്ളതാണ് സംഗതിയെങ്കിൽ സബ് കമ്മിറ്റി രൂപവത്കരണമാണുത്തമം. ''കമ്മിറ്റിയെന്നത് ഒരു സചേതന വസ്തുവാണ്, യാന്ത്രികമല്ല. അതു വളരുകയും പൂക്കൾ വിരിയുകയും വിത്തുകൾ വിതരണം ചെയ്യുകയും പിന്നെ മരിക്കുകയും ചെയ്യും. അതിനുമുമ്പ് മറ്റനേകം കമ്മിറ്റികൾക്ക് ജന്മം നല്കും'' എന്നെഴുതിയത് പാർക്കിൻസൺ എന്ന ഇംഗ്ലീഷുകാരനാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യാൻ കമ്മിറ്റികളും സബ് കമ്മിറ്റികളും രൂപം കൊള്ളുന്നതിന് എത്രയോ കാലം മുമ്പാണ് ഈ നിർവചനമുണ്ടായതെന്ന് അറിയുമ്പോഴാണ് പാർക്കിൻസണിൻെറ മഹത്വം മനസ്സിലാവുക. കുഞ്ഞാലിക്കുട്ടി പ്രശ്നത്തിനു ചില പരിമിതികളുണ്ട്. മാസങ്ങളോളമോ വർഷങ്ങളോളമോ ചർച്ച ചെയ്യാൻ മാത്രം കാര്യമില്ല അതിൽ. ഒന്നോ രണ്ടോ യോഗമേ കൂടാൻ പറ്റൂ. അതുകൊണ്ടാണ് സബ് കമ്മിറ്റിയുണ്ടാക്കുക എന്ന വഴി കെ.പി.സി.സി. സ്വീകരിക്കാതിരുന്നത്.

പിന്നെ ചെയ്യാവുന്നത് തീരുമാനമെടുക്കുന്നത് അടുത്ത യോഗത്തിലേക്ക് മാറ്റുകയാണ്. കെ.പി.സി.സി. നിർവാഹക സമിതി പോലെ ഓണത്തിനും ക്രിസ്മസിനും മാത്രം ചേരുന്ന കമ്മിറ്റികളിൽ ഈ വിദ്യ ഫലപ്രദമാണ്. എങ്കിലും, കുഞ്ഞാലിക്കുട്ടി പ്രശ്നത്തിൽ അങ്ങനെ പറ്റില്ലല്ലോ. ധീരമായ തീരുമാനം വേണ്ടേ? അതുകൊണ്ടാണ് മൂന്നാമത്തെ വഴി തിരഞ്ഞെടുത്തത്. മുസ്ലിം ലീഗിൽ തീരുമാനം പാണക്കാട് തങ്ങൾക്ക് വിടുക എന്നതാണ് രീതി. ആ വഴിയിൽതന്നെയാണ് കെ.പി.സി.സി.യും നീങ്ങുന്നത്. കെ.പി.സി.സി.യുടെ തീരുമാനം പാണക്കാട് തങ്ങൾക്ക് വിടുന്നത് മോശമാണെന്നു അഭിപ്രായമുള്ളതുകൊണ്ടാണ് തെന്നലയ്ക്കും കുഞ്ഞൂഞ്ഞിനും വിട്ടത്. രണ്ടും തമ്മിൽ വലിയ വ്യത്യാസമൊന്നുമുണ്ടാകില്ലല്ലോ.

ധീരമായി തന്നെയാണ് ഹൈക്കമാൻഡും നേരത്തെ ഈ പ്രശ്നം കൈകാര്യം ചെയ്തിരുന്നത്. ഇന്ന് ഇടപെടും നാളെ ഇടപെടും എന്ന് നിരന്തരം ലീഗിനു മുന്നറിയിപ്പ് നല്കിയിരുന്നതാണ് ഹൈക്കമാൻഡ്. ഒടുവിൽ തെന്നലയും ഉമ്മൻചാണ്ടിയും ഡൽഹിയിലേക്ക് വിളിപ്പിക്കപ്പെട്ടപ്പോൾ മുസ്ലിം ലീഗ് നേതൃത്വം കിടുകിടെ വിറച്ചു. നീണ്ട ചർച്ചകൾക്ക് ശേഷം ഹൈക്കമാൻഡ് ധീരമായ തീരുമാനമെടുത്തു. പ്രശ്നത്തിൽ മുസ്ലിം ലീഗാണ് തീരുമാനിക്കേണ്ടത് എന്ന് കണ്ടെത്തി. അതിവിദഗ്ധവും അതിബുദ്ധി നിറഞ്ഞതുമായിരുന്നു ശാസ്ത്രീയമായ ഈ കണ്ടുപിടിത്തം. മാലോകർക്ക് മനസ്സിലാകാതിരുന്നത് ഒരു കാര്യം മാത്രമാണ്. കുഞ്ഞാലിക്കുട്ടി പ്രശ്നത്തിൽ ലീഗാണ് തീരുമാനമെടുക്കേണ്ടതെങ്കിൽ എന്തിനാണ് കെ.പി.സി.സി. കഷ്ടപ്പെട്ട് യോഗം ചേർന്നത്? അതിലേറെ കഷ്ടപ്പെട്ട്, തീരുമാനം എടുക്കാൻ തെന്നലയെയും മുഖ്യമന്ത്രിയെയും എന്തിന് ചുമതലപ്പെടുത്തി? എല്ലാ കാര്യത്തിലും യുക്തമായ തീരുമാനമെടുക്കാൻ കഴിവുള്ള യോഗ്യന്മാർ മുസ്ലിം ലിഗിൻെറ നേതൃത്വത്തിലുള്ളപ്പോൾ ഇതിൻെറയൊന്നും ആവശ്യമുണ്ടായിരുന്നില്ല.

** ** **

അതിപ്രധാനമായ കുഞ്ഞാലിക്കുട്ടിപ്രശ്നം കെ.പി.സി.സി. ചർച്ചചെയ്യുമ്പോൾ മുൻമുഖ്യമന്ത്രി എ.കെ. ആൻറണി മൗനത്തിൻെറ ഗുഹയിലൊളിച്ചതിൽ ആരാധകർക്ക് പ്രയാസമുണ്ടത്രെ. ആരാധകർക്ക് കാര്യത്തിൻെറ കിടപ്പ് ശരിക്ക് അറിയാഞ്ഞിട്ടാണ്. കോൺഗ്രസ്സിൻെറ ദേശീയ സദാചാര കമ്മിറ്റിയധ്യക്ഷനായിരുന്നല്ലോ ആൻറണി. ദേശീയ സദാചാരപ്രശ്നങ്ങളിലേ അദ്ദേഹം ഇടപെടുകയുള്ളൂ. ലോക്കൽ സദാചാര കയ്യാങ്കളികളിൽ സുധീരനും മറ്റും ഇടപെട്ടാൽ മതിയാകും.

എ.കെ. ആൻറണി മൂന്നു വട്ടം മുഖ്യമന്ത്രിയായി. മൂന്നാംവട്ടം മൂന്നരവർഷത്തോളം ഭരിച്ചു. ആഴ്ചയിൽ ഒന്ന് എന്ന നിരക്കിൽ പ്രശ്നങ്ങളും പ്രതിസന്ധികളും ഉയർന്നുവന്നിരുന്നു. സർക്കാർ ഉദ്യോഗസ്ഥസമരം മുതൽ ലോക്സഭാ തിരഞ്ഞെടുപ്പിലെ തൂത്തുവാരിയ തോൽവി വരെ എത്രയെത്ര പ്രശ്നങ്ങൾ. എല്ലാറ്റിലും മുഖ്യമന്ത്രി ആൻറണിയോട് പൂർണ യോജിപ്പായിരുന്നു ഉമ്മൻചാണ്ടിക്ക് എന്നാരും ധരിച്ചുവെച്ചിട്ടില്ല. പക്ഷേ, ഉമ്മൻചാണ്ടി ഒരിക്കൽപോലും പരസ്യമായോ പാർട്ടികമ്മിറ്റിയിലോ-അതും പരസ്യം തന്നെ- മുഖ്യമന്ത്രിയെ വിമർശിച്ചിട്ടില്ല. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ആൻറണിക്കും അതേ ചെയ്യാൻപറ്റൂ. രാഷ്ട്രീയത്തിൽ അത്രയെങ്കിലും സദാചാരം വേണമെന്ന പക്ഷക്കാരനാണ് ആൻറണി. ആകെയൊരു പ്രശ്നമേ ഉള്ളൂ-ഉമ്മൻചാണ്ടി എന്തെങ്കിലും കാര്യത്തിൽ എന്തെങ്കിലും പറയണമെന്ന് ആർക്കും നിർബന്ധമുണ്ടായിട്ടില്ല ഇക്കാലം വരെ. ആൻറണിയെ ആരാധകർ അങ്ങനെയല്ലല്ലോ കണ്ടിരുന്നത്. വിരോധമില്ല, രണ്ടുപേരെയും ജനങ്ങൾ ഇനി ഒരുപോലെ കണ്ടുകൊള്ളും.

** ** **

ഡൽഹിയിൽ പാവപ്പെട്ട പത്രക്കാർക്ക് ഒരു നേരം തിന്നാനും കുടിക്കാനും കൊടുത്ത വകയിൽ കേരളത്തിൻെറ രണ്ടരക്കോടി രൂപ പുകയായിപ്പോയെന്ന് ചില പത്രക്കാർ എഴുതിവിട്ടതിൽ മുഖ്യമന്ത്രിക്ക് അമർഷമുണ്ട്. സംഭവത്തിൽ ക്ഷണിക്കാതിരുന്നതിൻെറ കെറുവ് തീർക്കുകയാണ് ഡൽഹിയിലെ കീഴ്ജാതി മലയാളപത്രക്കാർ എന്ന് മുഖ്യമന്ത്രിക്കറിയാം. രണ്ടരക്കോടിയേ....! ചെലവാക്കാൻ അത്രയും കാശ് കൈയിലുണ്ടായിരുന്നെങ്കിൽ പത്രസമ്മേളനം കഴിഞ്ഞയുടനെ തുക വീതിച്ച് ചെക്കായി ഓരോരുത്തനും കൊടുക്കുമായിരുന്നു. എങ്കിൽ ജീവിതകാലം മുഴുവൻ അവർ പാഞ്ഞുവന്ന് ഉമ്മൻചാണ്ടിയെ ഉമ്മവെക്കുമായിരുന്നു.

സമയം മോശമായിരിക്കുമ്പോഴാണ് ഇങ്ങനെയോരോ വിപരീതബുദ്ധികൾ തലയിലുദിക്കുക. ഡൽഹി ഉപദേശകരുടെ ബുദ്ധിവൈഭവംകൊണ്ടും ഇതു സംഭവിക്കും. വെളുത്തില്ലെങ്കിലും സാരമില്ല, പാണ്ടാക്കാതിരിക്കുകയെങ്കിലും ചെയ്യാമായിരുന്നല്ലോ. ഏറ്റവും ചുരുങ്ങിയ സമയത്തിനകം ഏറ്റവും കൂടുതൽ റെക്കോഡുകൾ സൃഷ്ടിക്കാനുള്ള മുഖ്യമന്ത്രിയുടെ യജ്ഞത്തിൽ ഈ സംഭവം ഒരു പൊൻതൂവൽപോലെ പ്രദർശിപ്പിക്കാൻ പറ്റുന്നതാണ്. പത്രക്കാർക്ക്മദ്യം കൊടുത്തത് പത്രക്കാർതന്നെ വിവാദമാക്കുന്നത് ഇന്ത്യാ ചരിത്രത്തിൽ ആദ്യമാണത്രെ. അങ്ങനെ ചെയ്യിക്കാൻ ചെറിയ കഴിവൊന്നും പോര.

** ** **

പാർട്ടി സമ്മേളന-തിരഞ്ഞെടുപ്പ്- ചുകപ്പുഷർട്ട്വളണ്ടിയർ മാർച്ചുകൾ കണ്ട് സഖാക്കൾ ആനന്ദത്തിലാറാടിനില്ക്കുന്നുണ്ടല്ലോ. വരാൻ പോകുന്ന പൂരത്തെക്കുറിച്ച് അറിവില്ലാഞ്ഞിട്ടാണ് ഈ ആനന്ദം, കോൺഗ്രസ്സിൻെറ സംഘടനാ തിരഞ്ഞെടുപ്പ് അടുത്തുതന്നെ നടക്കാൻ പോവുകയാണ്. ഉമ്മൻചാണ്ടി ഭരിക്കുമ്പോൾ തന്നെ വെടിക്കെട്ടും കൂട്ടപ്പൊരിച്ചലും നടത്താനാണ് പരിപാടി. വേണ്ടത്ര പോലീസിനെ ആഭ്യന്തര വകുപ്പ് രംഗത്തിറക്കും. പോരാതെ വന്നാൽ ജമ്മു-കശ്മീരിൽ നിന്നുവരെ കൊണ്ടുവരും. സി.ആർ.പി. ബി.എസ്.എഫ് സേനകളെയും കൊണ്ടുവരാം. ഉൾപാർട്ടി ജനാധിപത്യത്തിൻെറ കാര്യം ഭാവിയിലാരും മിണ്ടിപ്പോകില്ലെന്ന് ഉറപ്പുവരുത്തും.

41 ലക്ഷം അംഗങ്ങളെ ചേർത്തിട്ടുണ്ടെന്നാണ് കെ.പി.സി.സി.യിൽ കിട്ടിയ ഞെട്ടിക്കുന്ന വിവരം. യു.ഡി.എഫിലെ മറ്റു ഘടകകക്ഷികളെയും ഈ വാർത്ത ഞെട്ടിച്ചിട്ടുണ്ട്. യു.ഡി.എഫിന് ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കേരളത്തിലാകെ കിട്ടിയത് 58 ലക്ഷം വോട്ടാണ്. അതിൻെറ മുക്കാൽപങ്ക് കോൺഗ്രസ് അംഗങ്ങൾ ചെയ്ത വോട്ടാണെന്നല്ലേ ഇതിൻെറയർഥം. അംഗത്വമില്ലാത്ത അനുഭാവികളെ കൂടി ചേർത്താൽ കോൺഗ്രസ് വോട്ട് മാത്രം 57 ലക്ഷത്തി നപ്പുറം കടന്നെന്നിരിക്കും. അപ്പോൾ, യു.ഡി.എഫിലെ ലീഗ്-കേരളാ കോൺഗ്രസ്സാദികൾക്കൊന്നും കേരളത്തിൽ വോട്ടില്ല എന്നു വ്യക്തം. മത്സരിക്കാൻ സീറ്റുകൾ ഓഹരിവെക്കുമ്പോൾ 140ൽ 130 എങ്കിലും കോൺഗ്രസ്സിന് കൊടുക്കാതെ പറ്റില്ല. മറ്റുള്ളവർ പേരിൽ ഓരോരോ സീറ്റിൽ മത്സരിച്ചാൽ മതിയാകും.



ശ്രീമഹാഭാഗവതം കിളിപ്പാട്ട് - 62

വ്യാഖ്യാനം: പ്രൊഫ. എം.കെ.സാനു

ഭൂലോകവാസികളേവരും ഏതു ദർശനത്തിനു വേണ്ടിയാണോ പ്രാർഥിക്കുന്നത്, ആ ദർശനം സിദ്ധിച്ച ധ്രുവൻെറ മനസ്സ് അനുഭവിച്ചത് അവാച്യമായ ആനന്ദമാണ്. ഭഗവാൻെറ പാദങ്ങളിൽ വീണു നമസ്കരിച്ചും ഭഗവാനെ സ്തുതിച്ചും ധ്രുവൻ ആ ആനന്ദം പ്രകടമാക്കി.

ഇത്ഥം നമസ്കരിച്ചും സ്തുതിച്ചും ബഹു-
ഭക്ത്യാ നൃപാത്മജൻ താൻ തൊഴുതന്തികേ
നിൽക്കുന്നവനുടെ സാധുപ്രഭാവവും
ഭക്തിയും വിശ്വാസവും കണ്ടുസാമ്പ്രതം
ചിത്തം തെളിഞ്ഞഖിലേശ്വരനച്യുതൻ
മുഗ്ധസ്മിതപൂർവമുറ്റരുളിച്ചെയ്തു:
''നിന്നുടെ ഭക്തിവിശ്വാസങ്ങൾ കാൺകയാ-
ലെന്നുള്ളമേറ്റം പ്രസാദിച്ചിതിന്നെടോ!
നിന്നിലതിശയസ്നേഹവും മാനസേ
വന്നുവേരൂന്നിപ്പടർന്നിതുകേവലം;
വന്നാലുമിങ്ങുസുരുചിയാമമ്മതാൻ
ചൊന്നതെന്തൊന്നുണ്ണിയോടതുമൊക്കവേ
ഞാനറിഞ്ഞീടിനേനെന്നെ ബ്ഭജിച്ചു ഞാ-
നാനന്ദമോടനുകൂലനായാലഹോ!
പിന്നെയവളുടെ ഗർഭസ്ഥനായ്നിന്നു
മന്നിടത്തിങ്കൽ ജനിച്ചൊഴിഞ്ഞെന്നിയേ
വന്നുകൂടാ 'നൃവരാസനം വാഴ്വതി-
ന്നെന്നുമേയോഗ്യമെന്നൊന്നവരം ചൊന്നതും
നന്നുനന്നെന്നതുകാരണം ഞാൻ തവ
തന്നേനിരുപത്താറായിരത്താണ്ടിനി
മന്നവനായഴകോടു ശത്രുക്കളു-
മെന്നിയേവാഴ്ക നൃപാസനമെന്നതും
പിന്നെമറ്റെന്തല്ലാതകണ്ടാഗ്രഹം
നിന്നുള്ളിലുള്ളതെല്ലാം തരുവൻ ദൃഢം
നിർണയ'' മെന്നരുൾ ചെയ്തതുകേട്ടുടൻ
നന്നായ്തൊഴുതപേക്ഷിച്ചാൻ നൃപാത്മജൻ.

സാധു= ഉൽകൃഷ്ടവംശത്തിലുള്ള, യോഗ്യമായ, ശ്രേഷ്ഠതയുള്ള. രാജകുമാരനായ ധ്രുവൻെറ കുലീന പ്രഭാവത്തിലും വിശ്വാസത്തിലും ഭക്തിയിലും ഭഗവാൻ പ്രസാദിച്ചു. സർവജ്ഞനായ ഭഗവാനിൽ നിന്ന് ധ്രുവന് ഏതു വരവും ലഭിക്കാവുന്ന സന്ദർഭമാണ് വന്നു ചേർന്നിരിക്കുന്നത്. സുരുചിൽ നിന്നു പുറപ്പെട്ട അഹങ്കാരം നിറഞ്ഞ വാക്കുകൾ ഇപ്പോഴും ധ്രുവൻെറ ഓർമയിലുണ്ട്. എന്നിട്ടും, ഇരുപത്താറായിരം വർഷം സിംഹാസനത്തിലിരുന്നു രാജ്യം ഭരിക്കാനുള്ള വരം സിദ്ധിക്കണമെന്ന് ധ്രുവൻ ആഗ്രഹിക്കുന്നില്ല.

നൃപാസനം= സിംഹാസനം

എന്തൊക്കെയായാലും രാജാധികാരത്തിന് ലൗകികമായ പ്രഭാവമേയുള്ളൂ എന്നറിയാനുള്ള വിവേകം ധ്രുവന് ലഭിച്ചു കഴിഞ്ഞിരിക്കുന്നു.

ഏത് അഭീഷ്ടവും സിദ്ധിക്കുമെന്ന അവസ്ഥയിലും ധ്രുവനിൽ നിന്ന് വിവേകത്തിൻെറ വാക്കുകളാണ് പുറപ്പെടുന്നത്.

''എന്നിൽ തിരുവുള്ളമുണ്ടെങ്കിലുണ്ടെനി-
ക്കൊന്നിങ്ങനുഗ്രഹിക്കേണ്ടൂ ദയാനിധേ!
നിത്യമനിത്യമെന്നുള്ള രാജ്യാദികൾ-
ക്കുൾത്താരിലിങ്ങെനിക്കില്ലൊരത്യാഗ്രഹം.
ഭക്ത്യാഭഗവൽപദസേവ ചെയ്തുചെ-
യ്യുത്തമത്തമാരിലത്യുത്തമനായഹം
സർവലോകർക്കും സകലലോകത്തിനും
സർവദാ സർവകാലപ്രമാണത്തിനും
സർവഗ്രഹാദികൾക്കും സർവസാക്ഷിയായ്
സർവലോകങ്ങളും കണ്ടുകണ്ടങ്ങനെ
സർവോപരിസ്ഥിതനായ് സർവകാലവും
സർവജ്ഞനായ് വാഴ്വതിനുള്ളനുഗ്രഹം
സർവേശനായ ഭവാനിന്നു നല്കുകിൽ
സർവംഫലിതമായ്വന്നു മനോരഥം.''
സർവഭൂലോകപാലാത്മജനിങ്ങനെ
സർവലോകാവനതൽപരനോടുടൻ
ഗർവമൊഴിഞ്ഞപേക്ഷിച്ചളവാശു, ''തൽ-
സർവമവ്വണ്ണം വരികെ''ന്നനുഗ്രഹം
ചെയ്തുവരവും കൊടുത്തു ദയാപരൻ
കൈതവമെന്നിയേ താൻ മറഞ്ഞീടിനാൻ.

രാജ്യാദികൾ താല്ക്കാലികമായ സുഖം മാത്രമേ നല്കുകയുള്ളൂ. ജഗന്മോഹിനിയായ മായയാൽ അപഹരിക്കപ്പെട്ട മനസ്സുള്ളവർക്കല്ലാതെ ആ രീതിയിലുള്ള സുഖത്തിൽ ആഗ്രഹമുണ്ടാകയില്ല. വിഷയേന്ദ്രിയ സംയോഗം നിമിത്തം തല്ക്കാലത്തേക്കനുഭവപ്പെടുന്ന സുഖം തുച്ഛമാണ്. അതിൽ ആഗ്രഹം വയ്ക്കുന്നത് മൗഢ്യമാണ്. അതിനുപകരം സർവനേരവും ഭഗവൽസേവയിൽ മുഴുകി ശ്രേഷ്ഠവും നിത്യവുമായ സുഖം അനുഭവിക്കാനേ ധ്രുവൻ ആഗ്രഹിക്കുന്നുള്ളൂ.

ആ ആഗ്രഹമാണ് ഇവിടെ പ്രകാശിപ്പിക്കുന്നത്. സർവലോകത്തിനും സർവകാല പ്രമാണത്തിനും സർവഗ്രഹാദികൾക്കും സർവസാക്ഷിയായി, സർവോപരിസ്ഥിതനായി, വാഴുക - തികച്ചും ഉജ്ജ്വലമായ ഒരു സങ്കല്പമാണത്. വാക്കുകൾക്കതീതമായ മഹനീയതയാണ് ധ്രുവൻെറ ആ ആഗ്രഹത്തിൽ ചൈതന്യമായി കലർന്നിട്ടുള്ളത്. അതു സാധിച്ചാൽ ജീവിതം സഫലമായി. 'അതേ രീതിയിൽ സർവവും വരട്ടെ' എന്ന വരം നല്കി അനുഗ്രഹിച്ചതോടെ ഭഗവാൻ അപ്രത്യക്ഷനായി.